വനം വകുപ്പിൽ റേഞ്ച് ഫോറസ്റ്റ് ഓഫീസർ (Cat.No.295/2011) തസ്തികയുടെ കായികക്ഷമതാ പരീക്ഷയും ശാരീരിക അളവെടുപ്പും SAP Ground Peroorkkada വച്ച് പുരുഷന്മാരായ ഉദ്യോഗാർത്ഥികൾക്ക് 2016 നവംബർ 29, വനിതാ ഉദ്യോഗാർത്ഥികൾക്ക് നവംബർ 30 എന്നീ തീയതികളിൽ നടത്തുന്നു. സ്വീകാര്യമായ അപേക്ഷ സമർപ്പിച്ച ഉദ്യോഗാർത്ഥികൾക്ക് കായികക്ഷമതാ പരീക്ഷയുടെ അഡ്മിഷൻ ടിക്കറ്റ്, രജിസ്റ്റേർഡ് തപാലിൽ അയച്ചിട്ടുണ്ട്. അപേക്ഷ നിരസിക്കപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നിരസനമെമ്മോയും നൽകിയിട്ടുണ്ട്. അഡ്മിഷൻ ടിക്കറ്റ്, ഐഡൻറിഫിക്കേഷൻ സർട്ടിഫിക്കറ്റ്, തിരിച്ചറിയൽ കാർഡിൻെറ അസ്സൽ എന്നിവ ഉൾപ്പെടെ ഉദ്യോഗാർത്ഥികൾ നിശ്ചിത തീയതിയിൽ കായികക്ഷമതാ പരീക്ഷയ്ക്ക് ഹാജരാക്കേണ്ടതാണ്. നിശ്ചിത തീയതിയിലും സമയത്തും കായികക്ഷമതാ പരീക്ഷയ്ക്ക് ഹാജരാകാത്ത ഉദ്യോഗാർത്ഥികൾക്ക് ഒരു സാഹചര്യത്തിലും കായികക്ഷമതാ പരീക്ഷയിൽ പങ്കെടുക്കുന്നതിന് വീണ്ടും അവസരം ഉണ്ടായിരിക്കുന്നതല്ല.